Regd. No. 71285/99
Registered KL/CR/TCR/353/2006-08
Posted at Thrissur RMS/2 on 21&22/3/2006

Keraleeyam
2006 March

Licence No. KL/TCR/WPP-18/2006-2008
Licenced to post without prepayment
Rs. 10/-

● അഭിമുഖം

# കോള ഭീമനെതിരെ ഗംഗൈകൊണ്ടാനിൽ നിന്ന് വിജയ

**പ്ലാച്ചിമട കോള വിരുദ്ധ സമരത്തിന്റെ ആവേശം പകർന്ന കരുത്തിലാണ് തിരുനെൽവേലിയ്ക്കടുത്തുള്ള ഗംഗൈ കൊണ്ടാനിലെ കോള വിരുദ്ധ സമരപ്രവർത്തകർ. ബഹുരാഷ്ട്ര ഭീമനായ കോള കമ്പനി തമിഴ്നാട് സർക്കാരിന്റെ പരിപൂർണ്ണ സമ്മതത്തോടെ ഗംഗൈ കൊണ്ടാനിൽ പ്ലാന്റ് നിർമ്മിക്കാൻ തയ്യാറെടുക്കുംമുമ്പ് ജനങ്ങൾ സമരമുഖത്തേയ്ക്ക് ഇറങ്ങുകയായിരുന്നു. പക്ഷേ, ജനങ്ങളുടെ എതിർപ്പ് വകവെയ്ക്കാതെ ഫെബ്രുവരി 10 മുതൽ കമ്പനിയ്ക്ക് പ്രവർത്തിക്കാനുള്ള ലൈസൻസ് മാനൂർ ടൗൺ പഞ്ചായത്ത് നല്കി.**

**പഞ്ചായത്ത് ചെയർ പേഴ്സണായ എസ്. വിജയ കോളയ്ക്ക് പ്രവർത്തനാനുമതി നല്കുന്നതിന് എതിർപ്പ് രേഖപ്പെടുത്തി. എങ്കിലും ഭരണസമിതിയിലെ 16 അംഗങ്ങൾ കമ്പനിയ്ക്ക് ലൈസൻസ് നല്കുന്നതിന് അനുകൂലമായ നിലപാടാണ് സ്വീകരിച്ചത്. പത്താം തിയ്യതി ഉച്ചക്ക് രണ്ടരയ്ക്ക് ഭരണസമിതി യോഗം ചേർന്ന് ലൈസൻസ് നല്കാൻ തീരുമാനിച്ചു, മൂന്നരമണി മുതൽ കമ്പനിയിൽ കോളപാനീയം ഉല്പാദനം ആരംഭിക്കുകയായിരുന്നു.**

**നിയമങ്ങളെ മാനിക്കാതെയാണ് കമ്പനി പ്രവർത്തിച്ചതെന്നാണ് മാനൂർ ടൗൺ പഞ്ചായത്ത് ചെയർപേഴ്സൺ എസ്. വിജയ പറയുന്നത്. ഇവർ കേരളീയത്തിനനുവദിച്ച ടെലഫോൺ അഭിമുഖത്തിൽ നിന്ന്.**

**തയ്യാറാക്കിയത് : ചിറ്റൂർ എസ്. ദാസ്**



എസ്. വിജയ
മാനൂർ ടൗൺ പഞ്ചായത്ത്
ചെയർപേഴ്സൺ

? താങ്കളുടെ എതിർപ്പ് വകവെക്കാതെയാണ് ഭരണസമിതി കമ്പനിക്ക് ലൈസൻസ് തീരുമാനിച്ചതെന്ന് കേട്ടത് ശരിയാണോ?

● ഗംഗൈ കൊണ്ടാനിലെയും പരിസരങ്ങളിലേയും ജനങ്ങൾ ഈ കമ്പനി ആവശ്യമില്ലെന്നാണ് പറയുന്നത്. ജനഹിതത്തിന് എതിരായി നിൽക്കാൻ എനിക്ക് കഴിയില്ല. ജനങ്ങളുടെ വോട്ട് വാങ്ങി ജയിച്ച എനിക്ക് ജനങ്ങളുടെ ആഗ്രഹത്തിനെതിരാവാനാവില്ല. അതുകൊണ്ടാണ് പത്താം തിയ്യതി നടന്ന യോഗത്തിൽ പങ്കെടുക്കാതെ മാറി നിന്നത്.

? 21 അംഗ ഭരണസമിതിയിൽ രണ്ട് പേർ മാത്രമാണല്ലോ കമ്പനിയ്ക്കെതിരായി നില്ക്കുന്നത്?

● കമ്പനിയ്ക്കെതിരെ ജനങ്ങൾ സമരം തുടങ്ങിയ സമയത്ത് അഞ്ച് പേരൊഴികെ 16 പേർ കമ്പനിക്ക് ലൈസൻസ് നല്കരുതെന്ന നിലപാടിലായിരുന്നു. എന്നാൽ ജില്ലാ ഭരണകൂടവും, സംസ്ഥാന ഭരണകൂടവും ഭീഷണിപ്പെടുത്തിയും സ്വാധീനിച്ചും ഇവരെ കമ്പനിയ്ക്ക് ലൈസൻസ് നല്കുവാൻ സമ്മതിപ്പിക്കുകയായിരുന്നു. നാല് പേർ ഇപ്പോഴും കമ്പനിക്ക് ലൈസൻസ് നല്കുന്നതിന് എതിരഭിപ്രായം ഉള്ളവരാണ്.

? നിയമലംഘനം കമ്പനി നടത്തിയതായി കരുതുന്നുണ്ടോ?

● 1994 ലെ തമിഴ്നാട് കെട്ടിട നിർമ്മാണ ചട്ടം പാലിക്കാൻ കമ്പനി തയ്യാറായിട്ടില്ല. ബഹുരാഷ്ട്ര കമ്പനിക്കൊരു നിയമവും, പാവപ്പെട്ടവർക്ക് മറ്റൊരു നിയമവും നടപ്പിലാക്കിയ നിലപാടിൽ പ്രതിഷേധിച്ച് മധുര ഹൈക്കോടതിയിൽ ഒരു സ്വകാര്യ അന്യായം ഫയൽ ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി വാങ്ങി വേണം കെട്ടിട നിർമ്മാണം നടത്തുവാൻ. ഈ കമ്പനി ഗ്രാമപഞ്ചായത്തിൽ നിന്നോ അനുമതി വാങ്ങിച്ചിട്ടില്ല. ഇത് സർക്കാർ തന്നെ പുറപ്പെടുവിച്ച നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വെല്ലുവിളിച്ചുകൊണ്ടാണ് കമ്പനി പ്രവർത്തനം തുടങ്ങിയിട്ടുള്ളത്. ഇതിനെതിരെയാണ് എന്റെ പോരാട്ടം.

? ഒരു സ്ത്രീ കോള കമ്പനിയ്ക്കെതിരെയുള്ള നിയമയുദ്ധത്തിന് ഒരുങ്ങിയതിന് പിന്നിൽ?

● എന്നെ ഈ സ്ഥാനത്തേക്ക് എത്തിച്ച ജനങ്ങളുടെ പൂർണ്ണ പിന്തുണ കോളയ്ക്കെതിരെയുള്ള സമരത്തിനുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാനൊറ്റയ്ക്കല്ല. എന്റെ പിന്നിൽ അനേകംപേരുണ്ട്. അതാണെന്റെ ശക്തി. ഒരു സമൂഹത്തിന് നിലനില്പിനുവേണ്ടിയുള്ള പോരാട്ടമാണിത്.

ഒക്ടോബർ മാസത്തോടെ എന്റെ ഭരണ കാലാവധി പൂർത്തിയാകും. അടുത്ത തവണ എനിക്ക് മത്സരിക്കാൻ രാഷ്ട്രീയ കക്ഷികൾ സീറ്റ് നല്കാൻ സാധ്യത കുറവാണ്. പുതിയ തമിഴകം എന്ന പാർട്ടിയുടെ സഹായത്തോടെയാണ് ഒരു ദളിതയായ ഞാൻ ടൗൺ പഞ്ചായത്ത് ചെയർ പേഴ്സണായത്. ഇടതു കക്ഷികളൊഴിച്ച് ബാക്കി എല്ലാ കക്ഷികളും കമ്പനിക്കനുകൂല നിലപാടാണ് സ്വീകരിച്ചു കാണുന്നത്. ഭരണകൂടം ഒന്നിച്ചാണ് കമ്പനിയുടെ കൂടെ. അതുകൊണ്ട് എന്നെ വീണ്ടും മത്സരിപ്പിക്കാൻ തയ്യാറാവുകയില്ലെന്നറിയാം. എന്നിരുന്നാലും ഈ പോരാട്ടം തുടരാനാണ് തീരുമാനം.

? പ്ലാച്ചിമടയിലെ കോള വിരുദ്ധ സമരം ഇതിന് സഹായകമായിട്ടുണ്ടോ?

● പ്രാദേശിക വിഭവങ്ങൾ കൊള്ളയടിക്കുന്ന കോള ഉൾപ്പെടെയുള്ള കമ്പനികളുടെ ചൂഷണം പ്ലാച്ചിമടക്കാർ തിരിച്ചറിഞ്ഞു. ലോകശ്രദ്ധ പിടിച്ചുപറ്റിയ സമരമാണ് പ്ലാച്ചിമടയിലേത്. സ്ത്രീകളാണ് സമരനിരയിൽ കൂടുതലായിട്ടുള്ളത്. പ്ലാച്ചിമട സന്ദർശിച്ചപ്പോഴാണ് ഗംഗൈകൊണ്ടാനിലെ കമ്പനിയ്ക്കെതിരെ പൊരുതാനുള്ള ധൈര്യം ലഭിച്ചത്.

? ഭീഷണികൾ ഉണ്ടാവുകയില്ലേ?

● ഇതുവരെ നേരിട്ട് ഭീഷണിയൊന്നുമില്ല.

പക്ഷേ, എന്തിനും മടിയ്ക്കാത്തവരാണല്ലോ കോള കമ്പനിക്കാർ. പിന്നെ തമിഴ്നാട് സർക്കാർ അവർക്ക് അനുകൂലമാണ്. വ്യവസായ മന്ത്രിയുടെ നേതൃത്വത്തിലാണ് ഇപ്പോൾ ബഹുരാഷ്ട്ര ഭീമന് സംരക്ഷണം നല്കുന്നത്. കോടതികളിലാണ് പ്രതീക്ഷ. ജനങ്ങൾ എന്നോടൊപ്പം ഉറച്ചു നില്ക്കുമെന്ന വിശ്വാസവുമുണ്ട്.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 0487- 2421385, E-mail : keraleeyamtcr@rediffmail.com